കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 6/1774/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 08-08-2017

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

MAC.8/17

നം. കെ.എസ്.എ.എം.പി.എം.1774/2017 തിയ്യതി: 08-08-2017

## മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-11-2016 മുതൽ 13-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-07-2017 മുതൽ 25-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ടി പി സൽമത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.സി.രാജേഷ് | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഇ.എം. അബ്ദുൾ അസീസ് | 01.04.2016 മുതൽ<br>10.06.2016 വരെ |
| ശ്രീമതി.ബിന്ദു.എസ്<br>(ഹെഡ് ക്ലാർക്ക്,<br>സെക്രട്ടറി ഇൻ ചാർജ്) | 11.06.16&12.06.16( ഒഴിവ് )<br>13.06.2016 മുതൽ 24.07.2016 വരെ |
| ശ്രീ.ഇ.എം. അബ്ദുൾ അസീസ് | 25.07.2016 മുതൽ 25.11.2016 വരെ |
| ശ്രീമതി.ഷീജ.കെ.അഹമ്മദ്.<br>(അസി.സെക്രട്ടറി ,<br>സെക്രട്ടറി ഇൻ ചാർജ്) | 26.11.2016 മുതൽ 07.12.2016 വരെ |
| ശ്രീ.സുധീർ.കെ | 08.12.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപിനാഥൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി.ബിന്ദു.എസ് (ഹെഡ് ക്ലാർക്ക് ഇൻ ചാർജ്) | 01.06.2016 മുതൽ 16.08.2016 വരെ |
| | ശ്രീമതി.ഷീജ.കെ.അഹമ്മദ്. | 17.08.2016 മുതൽ 31.3.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. പി.ജി.രാജപ്പൻ | 01.04.2016 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാജേഷ്.എം.പി | 01.04.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.തുളസീദാസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. രശ്മി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജമീല.സി.ഒ.ടി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അൽസാ മറിയം | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷാജി അറക്കൽ | 01.04.2016 മുതൽ 18.12.2016 വരെ |
| | ഡോ.മേനകാ വാസുദേവ് | 19.12.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്‌ടെൻഷൻ ഓഫീസർ | ശ്രീമതി. രശ്മി.ആർ | 01.04.2016 മുതൽ 25.07.2016 വരെ |
| | ശ്രീ.വി.പി.ഹംസ | 26.07.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | വസ്തു നികുതി പിരിവ് അപാകതകൾ | 2-1 | |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ | 2-2 | |
| 14 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-3 | |
| 15 | D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ | 2-4 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 16 | പൂളപ്പൊയിൽ അംഗനവാടി കെട്ടിടത്തിന് അടിസ്ഥാന സൌകര്യം ഒരുക്കൽ | 3-1 | |

| | | | |
|---|---|---|---|
| 17 | വരുമാന നികുതി ഒടുക്കുന്നതിൽ കാല താമസം വന്നു | 3-2 | |
| 18 | മരാമത്ത് പ്രൊജക്ടുകളിൽ നിന്നും നികുതികളും ക്ഷേമ നിധി വിഹിതവും അടവാക്കിയിട്ടില്ല. | 3-3 | |
| 19 | മിനുട്സ് സൂക്ഷിപ്പ് - അപാകതകൾ സംബന്ധിച്ച് | 3-4 | |
| 20 | കുടിവെള്ള വിതരണം - അർഹമായ ആദായ നികുതി ഈടാക്കിയില്ല | 3-5 | |
| 21 | ശൂന്യ വേതന അവധിയിലായിരുന്ന ജീവനക്കാരിക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചു | 3-6 | |
| 22 | ഗ്രാമം ആരാമം - പ്രൊജക്ട്നിർവ്വഹണത്തിലെഅപാകതകൾ | 3-7 | |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല,വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 3-8 | |
| 24 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 3-9 | |
| 25 | ഐ.എ.വൈ.അധിക വിഹിതം - കൈപ്പറ്റിയ തുക തിരിച്ചടച്ച ഗുണഭോക്താക്കളുടെ ഗ്രാ.പ.വിഹിതം ഈടാക്കേണ്ടതാണ് | 3-10 | |
| 26 | ഒ.പി.ചീട്ട് അച്ചടിച്ചെലവ് - HMC ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ് | 3-11 | |
| 27 | വിരമിച്ച ജീവനക്കാരന് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചില്ല | 3-12 | |
| 28 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം- ലഭ്യമായിട്ടില്ലാത്ത ഉപകരണത്തിന്റെ വില തിരികെ ഈടാക്കേണ്ടതാണ് | 3-13 | |
| 29 | ചെലവിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല | 3-14 | |
| 30 | ടെർമിനൽ സറണ്ടർ - അർഹമായ നിരക്കിൽ ക്ഷാമബത്ത നൽകിയില്ല | 3-15 | |
| 31 | പി.എച്ച്.സി ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് | 3-16 | |
| 32 | മരുന്നിന്റെ വില നൽകിയത് - മരുന്ന് ലഭിച്ചിട്ടില്ല. | 3-17 | |
| 33 | വിദ്യാർത്ഥികൾക്ക് ഷീ പാഡ് നൽകൽ - അപാകത സംബന്ധിച്ച്. | 3-18 | |

| | | | |
|---|---|---|---|
| 34 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-19 | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 45 | Audit Certificate | 2 | |
| 46 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 47 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 48 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 23-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 30/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 17-07-2017 | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016- 17 വാർഷിക കണക്ക് പരിശോധനയിൽ താഴെപറയുന്ന അപാകതകൾ കാണുന്നു. കാരണം വിശദീകരിക്കേണ്ടതാണ്.

1)വാർഷിക ധനകാര്യ പത്രികയിൽ 2011ലെ കേരള പഞ്ചായത്ത് രാജ് അകൗണ്ട് ചട്ടങ്ങളിലെ ചട്ടം 62ൽ2 (ഇ) പ്രകാരമുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.

2)വാർഷിക ധനകാര്യ പത്രികയിൽ 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62ൽ3 പ്രകാരമുള്ള മുൻവർഷ താരതമ്യതുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

3)എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4)സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.(2015-16 വർഷ AFS പ്രകാരം(B-14) 55122 സ്റ്റോക്ക് നീക്കിയിരിപ്പ് ഉണ്ട്.

5)2015-16 വർഷ AFS പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തു നികുതി കുടിശ്ശിക 74,98,813 രൂപയായിരുന്നു

(B-15) .എന്നാൽ 2016-17 വർഷ AFS (RP43)പ്രകാരം പിരിച്ചെടുത്ത കുടിശ്ശിക 3236100 രൂപ. എന്നാൽ 2016-17 വർഷ AFS (B-15) പ്രകാരം ഇനിയും പിരിച്ചെടുക്കാനുള്ള കുടിശ്ശിക 4034277രൂപയാണ്(വ്യത്യാസം=7498813-3236100=4262713-4034277=228436)

6)വൗച്ചർ ലിസറ്റ് തയ്യാറാക്കിയിട്ടില്ല

7)വർഷങ്ങളായി ഇടപാടുകൾ നടത്താത്ത Kudumbasree,Saksharatha എന്നീ അകൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

8)സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള ചെലവഴിക്കാത്ത 2,41,058 രൂപ ഇനിയും തിരിച്ചടച്ചിട്ടില്ല(AFS B-9 Schedule).

9)2015-16 വർഷ AFS പരിശോധനയിൽ സൂചിപ്പിച്ച ക്രമ നമ്പർ 1 മുതൽ 2 കൂടിയ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28485272.85 |
| വരവ് | 77050362 |
| ആകെ | 105535634.85 |
| ചെലവ് | 77304366 |
| നീക്കിയിരിപ്പ് | 28231268.85 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11291567 | 11291567 | 9657334 | 1634233 | 85 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5126274 | 5126274 | 3420434 | 1705840 | 66 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5490519 | 5490519 | 3381499 | 2109020 | 61 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3097638 | 3097638 | 1863655 | 1233983 | 60 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6331756 | 6331756 | 5935676 | 396080 | 93 | 0 |
| പെർഫോമൻസ് ഗ്രാന്റ് (State Share) | 0 | 871587 | 871587 | 870096 | 1491 | 99 | 0 |
| പെർഫോമൻസ് ഗ്രാന്റ് (central Share) | 0 | 2446779 | 2446779 | 2215266 | 231513 | 90 | 0 |
| NREGS | 128068 | 29633414 | 29761482 | 29647970 | 113512 | 99 | 113512 |
| B Fund | 0 | 39880120 | 39880120 | 39880120 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്റ്റു കളുടെ % |
|---|---|---|---|---|---|---|
| 247 | 77761109 | 145 | 37938153 | 0 | 102 | 58.70 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7285757 | 10787181 | +3501424 | +48 |
| നികുതിയേതര വരവുകൾ | 1400324 | 1677696 | 277372 | +19.81 |
| മറ്റ് വരവുകൾ | 8526000 | 9695016 | 1169016 | +13.71 |
| ആകെ | 17212018 | 22159893 | 4947875 | +28.75 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 217560 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 3508630 | 376 |
| വിധവാ പെൻഷൻ | 9839880 | 926 |
| വാർദ്ധക്യകാല പെൻഷൻ | 21168800 | 1917 |
| അംഗപരിമിതർക്കുള്ള പെൻഷൻ | 3745510 | 359 |
| വിവാഹ ധനസഹായം | 600000 | 20 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 789740 | 76 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.7.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8714 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/06/2017 | 17/05/2017 | ഇല്ല |
| എ.ജി.ഓഡിറ്റ് | 10/10/2013 to 21-10-13 | 2012-13 | 17/11/2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ് അപാകതകൾ

2016-17 വർഷ വസ്തു നികുതി പരിശോധനയിൽ താഴെപ്പറയുന്ന കെട്ടിട ഉടമകൾ 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 പ്രകാരമുള്ള വസ്തുനികുതി അടവാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു..

1) നിർമ്മാണം പൂർത്തിയാക്കിയ അർദ്ധവർഷം കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല.

| കെട്ടിട ഉടമ/അസസ് ചെയ്ത നികുതി | കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതിയതി | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി/ രശീതി നമ്പർ | കുറവ് PT. | കുറവ് LC. |
|---|---|---|---|---|---|
| ശ്രീ.ഉണ്ണിമുഹമ്മദ്ഹാജി (835+41)425A | 25-2-16 | 1252+62(2015-16 2ndhalf417+21+835+41 2016-17) | 835+41 Rt.No.11602100921/ 18.05.2016 | 417 | 21 |
| ശ്രീ.ഹരിഹരൻ 7/7A(288+14) | 30-9-2016 | 288+14(2016-17 1st half144+7+144+7) | 144+7Rt.No.25343/83 /6-2-17 | 144 | 7 |
| | | | ആകെ | 561 | 28 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ22/25-7-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2)കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല.

താഴെ പറയുന്ന കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പുതുതായി നമ്പർ അനുവദിച്ച കെട്ടിട ഉടമസ്ഥരിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല.

| കെട്ടിട ഉടമ | കെട്ടിട നമ്പർ അനുവദിച്ച തിയതി | ഈടാക്കേണ്ട വസ്തു നികുതി/LC | ഈടാക്കിയത് | കുറവ് PT. | കുറവ് LC. |
|---|---|---|---|---|---|
| ശ്രീ.രാമൻനമ്പീശൻ 8/483A | 18-2-17 (കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണംപൂർത്തീകരിച്ച തിയതി20-8-16. എന്നാൽ ഫയൽ പ്രകാരം 2nd half മുതൽക്കേ ഈടാക്കാൻ നിർദേശിച്ചിട്ടുള്ളൂ ) | 1300+65 | 0 | 1300 | 65 |
| ശ്രീമതി.ഇമ്പിച്ചി ബീവി | 1-2-17 (കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയത21-1-17.) | 449+23 | 0 | 449 | 23 |
| ശ്രീ.ഉസ്മാൻ 14/127A | 31-1-17 (കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം | 194+10 | 0 | 194 | 10 |

| | | | | | |
|---|---|---|---|---|---|
| | പൂർത്തീകരിച്ച തിയതി28-1-17.) | | | | |
| ശ്രീ.ഉസ്മാൻ<br>14/127 B | 31-1-17<br>(കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി28-1-17.) | 194+10 | 0 | 194 | 10 |
| ശ്രീ.കറുത്തേടത്ത് അലി അസ്കർ<br>2/324A | 31-1-17<br>(കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി15-11-16.) | 429+22 | 0 | 429 | 22 |
| ശ്രീ.അഹമ്മദ് കോയ | 18-10-16<br>(കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി1-8-16.) | 486+26 | 0 | 486 | 26 |
| | | | ആകെ | 3052 | 156 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ22/25-7-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും 2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1)പെർമിറ്റ്ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന കെട്ടിട ഉടമയിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയില്ല.വിശദവിവരം ചുവടെ

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | പെർമിറ്റ് നമ്പർ, അനുവദിച്ച തിയതി | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|---|
| ശ്രീമതി.കമലമ്മ | വാണിജ്യം,117.12m2 | BL418/16-17 /20-2-17 | 117*7=819 |
| ശ്രീമതി. സിന്ധു | വാസഗൃഹം,- 37.77 m2 | BL277/16-17/28-1-17 | 37.77*2.5=94 |
| ശ്രീമതി.ഹസ്ന.കെ | വാസഗൃഹം,-156.57*5 | BL329/16-17 /13-12-16 | 156.57*5=783 |
| | | ആകെ | 1696 |

2)പെർമിറ്റ്ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും അവയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായ പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ശ്രീ.ഓണത്തറ പുരുഷോത്തമൻ | വാസഗൃഹം,<br>Exist-91. m2<br>Proposed-72 m2<br>Total=163m2 | 72m2*5=360 | 140<br>Rt.No.11602105770/<br>21-1-17 | 220 |
| ശ്രീമതി.രജീഷ് | വാസഗൃഹം,<br>Exist-300.3 m2<br>Proposed-150.15m2<br>Total=450.45m2 | 150.15*5=751 | 658<br>Rt.No.11602107634/<br>29-3-17 | 93 |
| ശ്രീ.മുഹമ്മദ് ഇസ്മായീൽ | വാസഗൃഹം,<br>Exist-141.83 m2<br>Proposed-80.19m2<br>Total=450.45 m2 | 80.19*5=401 | 200<br>Rt.No.1602105910/<br>28-1-17 | 201 |
| | | | ആകെ | 514 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/25-7-17 ക്ക് മറുപടി നൽകിയിട്ടില്ല.പ്രസ്തുത തുക ഈടാക്കിയ വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് അപാകതകൾ

2016-17 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെപ്പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങൾ1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

1)അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

| ജീവനക്കാർ | സ്ഥാപനം സമർപ്പിച്ച പത്രിക പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി /രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|
| ശ്രീ.പ്രമോദ്.<br>കൊളത്തറ ഫൂട് വെയർ | 45,000 | 2016-17 1-ാം അർദ്ധവർഷം | 450 | 300<br>Rt.No.03630/30.09.2016 | 150 |
| ശ്രീ.രാഗേഷ്<br>കൊളത്തറഫൂട്‌വെയർ | 45,000 | 2016-17 1 ാം അർദ്ധവർഷം | 450 | Rt.No.03630/30.09.2016<br>300 | 150 |
| ശ്രീമതി.ദീപദേവകിയമ്മ മെമ്മോറിയൽ കോളജ് | 12011 | 2016-17 1ാം അർദ്ധവർഷം | 120 | 0 | 120 |

| | | | | | |
|---|---|---|---|---|---|
| ശ്രീ.അബ്ദുൾഅസീസ് (ഗോൾഡൻ പെറ്റ് ബോട്ടിൽസ്) | 48,000 | 2016-17 2 ാം അർദ്ധവർഷം | 450 | 300 Rt.No.11602107669 /5.01.2017 | 150 |
| ശ്രീ.പ്രമോദ്. കൊളത്തറ ഫൂട് വെയർ | 45,000 | 2016-17 2 ാം അർദ്ധവർഷം | 450 | 300 Rt.No.11602105548 /31.03.2017 | 150 |
| ശ്രീ.രാഗേഷ് കൊളത്തറ ഫൂട് വെയർ | 45,000 | 2016-17 2 ാം അർദ്ധവർഷം | 450 | 300 Rt.No.11602105548 /31.03.2017 | 150 |
| | | | | ആകെ | 870 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ17/24-7-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി രശീതി ഹാജരാക്കേണ്ടതാണ്.

2)സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്ന ഗ്രാമ പഞ്ചായത്തിലെ ചേലേമ്പ്ര സർവ്വീസ് സഹകരണ ബാങ്ക്,മലപ്പുറംജില്ലാ സഹകരണ ബാങ്ക്,കൊണ്ടോട്ടിസഹകരണ കാർഷിക റൂറൽ ബാങ്ക്എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.ഇത് സംബന്ധിച്ച് 26-09-2016 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡി-16 /12806/16 നമ്പർ കത്തിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ നിർദേശം പാലിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കി വിവരം ആദ്യമറുപടിയിൽതന്നെ ലഭ്യമാക്കേണ്ടതാണ്.

3) BSNLസ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|

| | |
|---|---|
| എസ്ക്വയർ മൾട്ടി പ്ലാസറ്റ് Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| പാരീസൺ ഫുഡ്സ് Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| ഹോഗർ ഷൂ Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| തോട്ടത്തിൽ വുഡ് ഇൻഡസ്ട്രീസ് Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| റോട്ടറേസ്സ് ഫൂട്ട് കെയർ Pvt. Ltd | 2016-17 2ാം അർദ്ധവർഷം |
| എമറാൾഡ്പ്ലാസറ്റമോസ്സ് Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| കുഞ്ഞമ്മ ഫുഡ്സ് Pvt. Ltd | 2016-17 1ാം അർദ്ധവർഷം |
| | ആകെ |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ17/24-7-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി രശീതി ഹാജരാക്കേണ്ടതാണ്.

## 2-4 D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷ D&O ലൈസൻസ് ഫീസ് പിരിവ് പരിശോധനയിൽ ചില സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ

1)വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 7 പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അപേക്ഷ പ്രകാരമുള്ള വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.റഫീക്ക്.വി.10/85C,G Veekesy plastomers) | 440283 | 4000 | 1000 Rt.No.11502105363/ 25-02-16(2016-17 advance) | 3000 |
| ശ്രീമതി.സുഗതകുമാരി (8/342) | 10,000 | 200 | 100 Rt.No.11502104772/ 17-2-16 | 100 |
| ശ്രീ. കബീർ ഷാ(3/548E incinator manufacturing ) | 10,000 | 200 | 100 Rt.No.11602100923/ 18-5-16 | 100 |
| ശ്രീ.ഫവാസ്.ഇ.കെ(8/395C Elester electronics) | 6000 | 200 | 100 Rt.No.11602100933/ 18-5-16 | 100 |
| | | | ആകെ | 3300 |

2)യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 17 പട്ടിക IIIപ്രകാരമുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ലൈസൻസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ( മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്പ്രകാരം) | ഫീസ് | | |
| ശ്രീ.നിധീഷ് (4/178,Foot wear) | 39 HP | 400 | 0 | 400 (ലൈസൻസ് അനുവദിച്ച തിയതി 24-2-16) |
| ശ്രീ. ബാലസുന്ദരൻ (12/219Keranad Plastics) | 60HP | 1000 | 0 | 1000 (ലൈസൻസ് അനുവദിച്ച തിയതി 29-2-16) |
| ഡയറക്ടർ എമറാൾഡ് പ്ലാസ്റ്റമേഴ്സ്(5/6G) | 12.13HP | 200 | 100 RT.No.11602500004/ 20-5-16 | 100 |
| ശ്രീ. അൻവർ ഷാഫി.(Alba,PU Chappals | 30 HP | 400 | 0 | 400 (ലൈസൻസ് അനുവദിച്ച തിയതി 05-5-16) |
| ശ്രീ.ജോർജ് വർഗീസ്(Kunjamma Foods) | 155 HP | 2000 | 1000 Rt.No.11602101736/ 30-6-16 | 1000 |
| ശ്രീ.ഖാലിദ് (5/774 F 20-20-food product) | 78.5 HP | 1000 | 0 | 1000 (ലൈസൻസ് അനുവദിച്ച തിയതി 22-12-16) |
| ശ്രീ.എം.സലീം. (Raising Star Footwear ) | 45 HP | 500 | 0 | 500 (ലൈസൻസ് അനുവദിച്ച തിയതി |

| | | | | |
|---|---|---|---|---|
| | | | | 01-7-16) |
| ശ്രീ.സമീർ.വി.ടി (Routers Footlite) | 49 HP | 500 | 0 | 500 (ലൈസൻസ് അനുവദിച്ച തിയതി 28-2-17) |
| | | | ആകെ | 4900 |

ഈ വിഷയം ഉന്നയിച്ച് നൽകിഓഡിറ്റ് എൻക്വയറി നമ്പർ2/ 22 -7-17ക്ക്മറുപടി നൽകിയിട്ടില്ല. പ്രസ്തുത തുക 8200(4900+3300)ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൂളപ്പൊയിൽ അംഗനവാടി കെട്ടിടത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

പ്രൊജക്റ്റ് നം:176/17

അടങ്കൽ : 475000/-എം.ജി(എൻ.ആർ)

ചെലവ് : 453301/- ട്രഷറി ബിൽ നം.8/25.2.17

എം.ബുക്ക് : 357/15-16,505/15-16

കൺവ്വീനർ: സി.പി.സുബ്രഹ്മണ്യൻ

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഏഴാമത്തെ ഇനം 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ആണ്. 3.852 എം3 ഈ പ്രവൃത്തി നിർവ്വഹിച്ചതായി എം.ബുക്ക് 357/15-16 പേജ് നം. 19,20 ൽ അളവെഴുതി എം3ന് 4880.10 രൂപ നിരക്കിൽ 18798.00 രൂപ കൺവ്വീനർക്ക് ഇതിന് നൽകിയിട്ടുണ്ട്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം അംഗനവാടിയുടെ മുറ്റത്ത് താഴെ പറയും പ്രകാരം 3.138 എം3 അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്.

1x9.30x3.30x.075 =2.301

1x9.30x1.20x.075=0.837

3.138

എന്നാൽ 24.7.17 ന് പ്രവൃത്തി ഭൗതികമായി പരിശോധിച്ചപ്പോൾ താഴെ പറയും പ്രകാരം 2.72 എം3 മാത്രമെ പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളൂ എന്ന് കണ്ടു.

1x9.30x3.30x.075 = 2.301

0.5x9.30x1.20x.075=0.419

2.720

ഈ അപാകത നിമിത്തം കൺവ്വീനർക്ക് 0.418x4880.10=2040 രൂപ (3.138-2.720=0.418)അധികം നൽകാൻ ഇടയായിട്ടുണ്ട്. പ്രസ്തുത തുക പ്രവൃത്തിയുടെ അളവെടുത്ത എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 വരുമാന നികുതി ഒടുക്കുന്നതിൽ കാല താമസം വന്നു

തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രൊജക്ടുകളുടെ കരാറുകാരിൽ/കൺവ്വീനർമാരിൽ നിന്നും ഈടാക്കുന്ന വരുമാനനികുതി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കൊണ്ടോട്ടി ബ്രാഞ്ചിൽ തുറന്നിട്ടുള്ള 00000067242774095 നമ്പർ കറന്റ് അക്കൌണ്ടിൽ നിക്ഷേപിച്ച ശേഷം വരുമാന നികുതി വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. 28.4.2016 ന് പ്രസ്തുത അക്കൌണ്ടിൽ തുക ഒന്നും തന്നെ നീക്കിയിരിപ്പില്ല. എന്നാൽ 17.3.2017 ന് പ്രസ്തുത അക്കൌണ്ടിൽ 151493.56 രൂപയും, 31.5.2017 ന് 193003.56 രൂപയും നീക്കിയിരിപ്പ് ഉണ്ട്. 31.3.2017 വരെ ഈടാക്കിയ വരുമാന നികുതി സർക്കാരിലേക്ക് അടവാക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട് എന്നാണ് ഇത് കാണിക്കുന്നത്. പിന്നീട് 1.7.17, 17.7.17 തീയ്യതികളിലാണ് നീക്കിയിരിപ്പുള്ള തുക മുഴുവൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുള്ളത്. 1961 ലെ ഇൻകം ടാക്സ് ആക്ട് പ്രകാരം സ്രോതസ്സിൽ നിന്നും ഈടാക്കിയ വരുമാന നികുതി ഏഴ് ദിവസത്തിനകം സർക്കാരിലേക്ക് ഒടുക്കണം. ഈ വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 8/24.7.17 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ , പാസ് വേഡ് ലോക്ക് ആയതിനാലണ് ഇപ്രകാരം കാലതാമസം നേരിട്ടത് എന്നാണ് എഞ്ചിനീയർ വിശദീകരണം നൽകിയിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. ആയതിനാൽ, നികുതി അടവാക്കുന്നതിലെ കാലതാമസത്തിന് സർക്കാർ ചുമത്തുന്ന പിഴ മുതലായവക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമായിരിക്കും ഉത്തരവാദി.

## 3-3 മരാമത്ത് പ്രൊജക്ടുകളിൽ നിന്നും നികുതികളും ക്ഷേമ നിധി വിഹിതവും അടവാക്കിയിട്ടില്ല.

2016-17 ൽ പൂർത്തിയാക്കിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളിൽ നിന്നും വാറ്റ്, വരുമാന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കിയിട്ടില്ല. എല്ലാ പ്രൊജക്ടുകളുടെയും ബില്ലുകളിൽ നിന്നും കൺവ്വീനർക്ക് നൽകേണ്ട തുകയിൽ നിന്നും വരുമാന നികുതി 2% കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ഇപ്പോഴും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുകയാണ്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | അംഗീകരിച്ച പ്രവൃത്തി മൂല്ല്യം,ചെലവ് | അടവാക്കാൻ അവശേഷിക്കുന്ന നികുതികൾ,ക്ഷേമനിധി വിഹിതം |
|---|---|---|---|
| 1 | നം:45/16-17<br>പേര്:കൊളക്കാട്ട് പടി മേലത്ത്അത്താണിക്കൽറോഡ്<br>അടങ്കൽ:350000/- (തനത് ഫണ്ട്) | 330189/-രൂപ<br>323585/-രൂപ<br>ചെക്ക്നം.2179088/30.3.17 | ഐ.ടി @2%- 6604/-<br>വാറ്റ് @ 5% - 16509/-<br>ക്ഷേമ നിധി@1% - 3302/- |
| 2 | നം:117/16-17<br>പേര്:പി.കെ.കെ.പടി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ:200000/- (തനത് ഫണ്ട്) | 188679/- രൂപ<br>184906/- രൂപ<br>ചെക്ക് നം.2179082/ 29.3.17 | ഐ.ടി @2%- 3773/-<br>വാറ്റ് @ 5% - 9434/-<br>ക്ഷേമ നിധി@1% - 1887/- |
| 3 | നം:102/16-17<br>പേര്:അമ്പലപ്പറമ്പ് മൈലാഞ്ചി വളവ് റോഡ്<br>അടങ്കൽ:260000/- (തനത് ഫണ്ട്) | 242997/- രൂപ<br>240567/- രൂപ<br>ചെക്ക് നം.2179090/ 29.3.17 | ഐ.ടി @2%- 4860/-<br>വാറ്റ് @ 5% - 12150/-<br>കുറിപ്പ്:-കൺവ്വീനർക്ക് 4860 രൂപ ഐ.ടി കുറച്ച് ബാക്കി നൽകേണ്ട 238137.00 രൂപയും 2430.00 രൂപ KCWWF |

| | | | |
|---|---|---|---|
| | | | ചേർന്ന തുകയാണ് ചെലവ് തുക 240567/- രൂപ |
| 4 | നം:123/16-17<br>പേര്:കാക്കഞ്ചേരി പാവുങ്ങൽ സ്പിന്നിംഗ് മിൽ റോഡ്<br>അടങ്കൽ:495000/- (തനത് ഫണ്ട്) | 466521/- രൂപ<br>462311/- രൂപ<br>ചെക്ക് നം.2179088/ 30.3.17 | ഐ.ടി @2%- 9330/-<br>വാറ്റ് @ 5% - 23326/-<br>കുറിപ്പ്:-കൺവ്വീനർക്ക് 9330രൂപ ഐ.ടി കുറച്ച് ബാക്കി നൽകേണ്ട 457191.00 രൂപയും 5120.00 രൂപ KCWWF ചേർന്ന തുകയാണ് ചെലവ് തുക 462311/- രൂപ. യഥാർത്ഥത്തിൽ KCWWF 4665/- രൂപയാണ് അടക്കേണ്ടത്. ഇതിന് പകരം 5120/- രൂപ അടക്കുകവഴി 455/- രൂപ അധികം അടക്കാൻ ഇടയായിട്ടുണ്ട്. |
| 5 | നം:249/16-17<br>പേര്:ആലങ്ങോട്ട് ചിറപനയപ്പുറം റോഡ് റീ ടാറിംഗ്<br>അടങ്കൽ:490000/- (തനത് ഫണ്ട്) | 462264/- രൂപ<br>453019/- രൂപ<br>ചെക്ക് നം.2179083/<br>29.3.17 | ഐ.ടി @2%- 9245/-<br>വാറ്റ് @ 5% - 23113/-<br>ക്ഷേമ നിധി@1% - 4623/- |
| 6 | നം:283/16-17<br>പേര്:ചീനാടംപൂക്കാട് റോഡ് പുരോഗമനം.<br>അടങ്കൽ:250000/- (തനത് ഫണ്ട്) | 235849/- രൂപ<br>231132/- രൂപ<br>ചെക്ക് നം.2179086/<br>29.3.17 | ഐ.ടി @2%- 4717/-<br>വാറ്റ് @ 5% - 11793/-<br>ക്ഷേമ നിധി@1% - 2358/- |
| | ആകെ കുറവ് | ഐ.ടി - 38529.00<br>വാറ്റ് - 96325.00<br>ക്ഷേമ നിധി - 12170.00 | |

ഗുണഭോക്തൃ സമിതികൾ മുഖേനെ നിർവ്വഹിക്കുന്ന പ്രൊജക്ടുകളിൽ വാറ്റ്, ക്ഷേമ നിധി എന്നിവക്കുള്ള തുക എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തുന്നുണ്ട്. അതിനാൽ മേൽ പ്രൊജക്ടുകളിൽ നിന്നും അടവാക്കേണ്ട വാറ്റും ക്ഷേമ നിധിയും, കൺവ്വീനറിൽ

നിന്നും ഈടാക്കിയ വരുമാന നികുതിയും എഞ്ചിനീയർക്ക് അതത് അക്കൗണ്ടുകളിൽ അടവാക്കുന്നതിന് നൽകാതിരുന്നത് പഞ്ചായത്തിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.24/25.7.17 മുഖേനെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽ ക്രമ നമ്പർ.4 ൽ പറഞ്ഞ പ്രകാരം അധികം അടവാക്കിയ 455 രൂപ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. അടവാക്കാൻ അവശേഷിക്കുന്ന നികുതികളും ക്ഷേമ നിധി വിഹിതവും എത്രയും വേഗം അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 മിനുട്സ് സൂക്ഷിപ്പ് - അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ഭരണ സമിതി യോഗ മിനുട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. 30.4.16 മുതൽ 29.11.6 വരെയുള്ള യോഗങ്ങളുടെ മിനുട്സ് മൂന്ന് വാല്യങ്ങളിലാണ് എഴുതിയിട്ടുള്ളത്. കേവലം ഒരു രജിസ്റ്ററിൽ തന്നെ എഴുതാമായിരുന്ന മിനുട്സ് ഇപ്രകാരം മൂന്ന് രജിസ്റ്ററുകളിൽ എഴുതിയത് സ്റ്റേഷനറിയുടെ ഉപയോഗത്തിലെ ധൂർത്തായി ഓഡിറ്റ് വിലയിരുത്തുന്നു.. മാത്രമല്ല, മിനുട്സ് സൂക്ഷിപ്പിന്റെ സാമ്പ്രദായിക മൂല്യത്തിനും വിരുദ്ധമാണ് ഈ നടപടി.

2. 31.8.2016 ലെ മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല. ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും യാത്ര പരിപാടികൾ അംഗീകരിക്കുന്നത് സംബന്ധിച്ച പ്രസ്തുത ദിവസത്തെ 19 ആം നമ്പർ തീരുമാനം ഭാഗികമായി എഴുതിയതിന് ശേഷം തുടർന്നുള്ള പേജുകൾ, ക്രമ നമ്പർ 101 മുതൽ 141 വരെ,എഴുതാതെ ഒഴിച്ചിട്ടിരിക്കുകയാണ്.

3. 29.11.16 ന് ശേഷമുള്ള മിനുട്സുകൾ സകർമ്മ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിച്ചുവെങ്കിലും, പ്രസ്തുത മിനുട്സുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. 30.4.16 ലെ 10 ആം നമ്പർ (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കൽ) തീരുമാനം അനുസരിച്ച് പഞ്ചായത്ത് മെമ്പർമാർ ഒപ്പു വയ്ക്കാത്ത സാമൂഹ്യ പെൻഷനുകൾക്കുള്ള അപേക്ഷകൾ ഫ്രന്റ് ഓഫീസിൽ സ്വീകരിക്കില്ല എന്ന് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനം 2.7.2009 ലെ ജി.ഒ.(എം.എസ്)123/2009/തസ്വഭവ (ഫ്രന്റ് ഓഫീസ് സംവിധാനം - മാർഗ്ഗരേഖ) ഉത്തരവിലെ 3-1 നമ്പർ നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 കുടിവെള്ള വിതരണം - അർഹമായ ആദായ നികുതി ഈടാക്കിയില്ല

2016 മെയ് മാസത്തിൽ പഞ്ചായത്തിലെവിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് ചുവടെകൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| 21600278/13-7-16 | 103175/13-7-16 | 25,000 |
| 21600283/16-7-16 | 103176/16-7-16 | 2,08,600 |
| ആകെ = | | 2,33,600 |

ടി ചെലവിൽനിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല.

ആയത് തുകകൈപ്പറ്റിയ കരാറുകാരനിൽ നിന്നും ( ശ്രീ രാമചന്ദ്രൻ) ഈടാക്കേണ്ടതാണ്.

## 3-6 ശൂന്യ വേതന അവധിയിലായിരുന്ന ജീവനക്കാരിക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചു

GO(P)No.61/16/Fin, തീയതി: 5-5-16 പ്രകാരം 1-1-16 പ്രകാരമുള്ള ക്ഷാമബത്ത 6 % ൽ നിന്നും 9 % ആയി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാ.പ.ലെ ജീവനക്കാർക്ക് ടി ഇനത്തിലുള്ള കുടിശ്ശിക 2-9-16ലെ 21600452-ം വൗച്ചർ പ്രകാരം പിൻവലിച്ച് യാളുകളുടെ പി.എഫ്. അക്കൗണ്ടുകളിൽ അടവാക്കിയിരുന്നു(ചെക്ക് നമ്പർ/തീ: 448046.27-9-16). ആയതിന്റെ വിശദ വിവരങ്ങൾപരിശോധിച്ചതിൽ സീനിയർ ക്ളാർക്ക് ശ്രീമതി ലിഷക്ക് 1/16, 2/16 മാസങ്ങളിലെ കുടിശ്ശിക ഇനത്തിൽ 897 x 2 =1794 രൂപ ടിയാരിയുടെ പി.എഫ്. അക്കൗണ്ടിലേക്ക് അയവാക്കിയതായി കാണുന്നു. ഹാജർ പുസ്തകപ്രകാരം ശ്രീമതി ലിഷ 1/16, 2/16 എന്നീമാസങ്ങളിൽ ശൂന്യ വേതന അവധിയിലായിരുന്നെന്ന് കാണുന്നു. ആയതിനാൽ ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ടിയാരിയുടെ അക്കൗണ്ടിലേക്ക് അനർഹമായി അടവാക്കിയ 1794 രൂപ തിരികെ ഈടാക്കുകയോ തുടർന്നുള്ള തുകകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 ഗ്രാമം ആരാമം - പ്രൊജക്ട്നിർവ്വഹണത്തിലെഅപാകതകൾ

പ്രൊജക്ട് : "ഗ്രാമം ആരാമം"

പ്രൊജക്ട് നമ്പർ : S0159/17

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട്

നിർവ്വഹണം : സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം ഗ്രാ.പ.പരിധിയിലെ അജൈവ മാലിന്യങ്ങൾ സംസ്ഥാനത്തിന് പുറത്തുള്ള റീസൈക്ളിംഗ് യൂണിറ്റുകളിലേക്ക് കൊണ്ടുപോയി സംസ്കരിക്കുന്നതിനും പദ്ധതിയുടെ ഭാഗമായുള്ള ചാക്ക് വിതരണത്തിനുമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും ചെലവഴിച്ച തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നമ്പർ/തീയതി | തുക | ഏജൻസി |
|---|---|---|---|
| മാലിന്യങ്ങൾ റീസൈക്ളിംഗ് യൂണിറ്റിലേക്ക് കൊണ്ടുപോകൽ | 21601171/31-3-17 | 6,87,960 | നിറവ്, വേങ്ങേരി, കോഴിക്കോട്, അംഗീകൃ നിരക്ക്-27000രൂ/ലോഡ് സുർജിത്ത് ഗോപാൽ, എളേടത്ത് പറമ്പത്ത്, വേങ്ങേരി |
| ചാക്ക് വിതരണം | | 1,96,000 | |
| | | 8,83,960 | |

മാലിന്യം കൊണ്ടുപോകാൻ കരാർ എടുത്ത സ്ഥാപനം (നിറവ്,വെങ്ങേരി, കോഴിക്കോട്)കേരളത്തിന് പുറത്തുള്ള അവരുടെ തന്നെ മറ്റൊരു സ്ഥാപനത്തിലേക്ക് (നിറവ് segregation & recycling unit, കർണാടക ) ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യം (26 ലോഡ് )കൊണ്ടുപോയിട്ടുള്ളതായാണ് ഫയൽ രേഖകളിൽ നിന്നും കാണുന്നത്. അപ്രകാരം ടി മാലിന്യം മേൽ സ്ഥാപനത്തിൽ തന്നെയാണ് സംസ്കരിക്കുന്നതിനായി മേൽ ഏജൻസി എത്തിച്ചിട്ടുള്ളതെന്ന് പഞ്ചായത്തിലെ ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും 687960/-രൂപ ചെലവഴിച്ച് കൊണ്ടുപോയ മാലിന്യം മറ്റെവിടെയെങ്കിലും തള്ളാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നു.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്ന മറ്റൊരു മാർഗം ചുവടെ ചേക്കുന്നു.
കണ്ണൂർ ജില്ലയിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഏകദേശം 20ലക്ഷം രൂപ മുടക്കി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് (കെട്ടിടം, വാഹനം എന്നിവ ഉൾപ്പെടെ) സ്ഥാപിച്ചിട്ടുണ്ട് ഇവിടെ എത്തിക്കപ്പെടുന്ന മാലിന്യത്തിൽ നിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ പൈപ്പ്, ജംഗ്ഷൻ ബോക്സ്, റബർ പാൽ ശേഖരിക്കുന്നതിനുള്ള ചിരട്ട, പാക്കിംഗിന് ഉപയോഗിക്കുന്ന കയർ എന്നിങ്ങനെ ഉപയോഗപ്രദമായ പല വസ്തുക്കളും നിർമ്മിക്കുന്നുണ്ട്. ഈ റീ സൈക്ലിംഗ് യൂണിറ്റിൽ നിന്നും യാതൊരു വിധ മലിനീകരണവും ഉണ്ടാവുന്നില്ല. ഇത്തരം ഒരു യൂണിറ്റ് സ്ഥാപിച്ചാൽ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുമുള്ള അജൈവ മാലിന്യങ്ങൾ പരിസ്ഥിതിക്ക് ദോഷം തട്ടാതെ നിർമാർജ്ജനം ചെയ്യാൻ സാധിക്കുന്നതാണ്. ഇത്തരം നവീന പദ്ധതികളെപ്പറ്റി അന്വേഷണം നടത്താതെ സാമ്പ്രദായികമായതും ആവർത്തിച്ച് ചെലവ് വരുന്നതുമായ മേൽ പരാമർശിച്ച പ്രകാരമുള്ള മാലിന്യ സംസ്കരണം പഞ്ചായത്ത് ഫണ്ടിന്റെ പാഴ് ചെലവായി മാത്രമേ കാണാനാവൂ. കൂടാതെ പഞ്ചായത്തിലും സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

മേൽ പ്രൊജക്ട് സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1. മേൽ വൗച്ചർ പ്രകാരം ആകെ പിൻവലിച്ച 8,98,000 രൂപയിൽ 8,83,960 രൂപമാത്രമേചെലവഴിച്ചതായി കാണുന്നുള്ളൂ. ശേഷിച്ച 14,040 രൂപയുടെ വിനിയോഗ വിവരം.

2.ഏജൻസിയുമായി ഒപ്പു വെച്ച കരാർ

3. വിവിധ അയൽ സഭാ കേന്ദ്രങ്ങളിൽ നിന്നുംവാർഡ് കേന്ദ്രങ്ങളിലേക്ക് ജൈവ മാലിന്യം എത്തിച്ചതിന് ശ്രീ. നൗഷാദ് കാട്ടിൽത്തൊടിക്ക് 72,000 രൂപ തനത് ഫണ്ടിൽനിന്നും നൽകാവുന്നതാണെന്ന്ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്(ഓഫീസ് കുറിപ്പ് നമ്പർ : 1979/17, തീ:16-3-17). ആയത് പ്രകാരം ടിയാന് തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

കൂടാതെ, മേൽ പരാമർശിച്ച പ്രകാരം ചെലവഴിച്ച തുകയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികളും ഈടാക്കിയിട്ടില്ല.

ആയതിനാൽ ക്രമനം. 1 പ്രകാരമുള്ള 14,040/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. കൂടാതെ ക്രമനമ്പർ 2,3 എന്നിവ പ്രകാരമുള്ള വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക, 8,98,000 രൂപ തടസ്സം ചെയ്യുന്നു.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല,വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുകകൾ പിൻവലിച്ച് വിവിധ ഏജൻസികളിൽ അടവാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് / നമ്പർ | വൗച്ചർനമ്പർ / തീ: | ഫണ്ട് | തുക | ഏജൻസി |
|---|---|---|---|---|
| എസ്.എസ്.എ. വിഹിതംഅടവാക്കൽ / SO17/17 | 21600504/5-10-16 | വികസന ഫണ്ട്(ജനറൽ) | 9,02,000 | Project Officer, SSA |
| Street main for കോണത്തുംകുഴി - പുല്ലിപ്പറമ്പ് / SO 212/17 | 21600679/19-12-16 | തനത് ഫണ്ട് | 24,710 | KSEB |
| " " കൊളക്കത്ത് - കൊളക്കാട്ടി /SO 213/17 | 21600368/15-2-17 | തനത് ഫണ്ട് | 69,800 | KSEB |
| " " പാറയിൽ - പുതുവക്കര റോഡ് / So 260/17 | 21601091/24-3-17 | തനത് ഫണ്ട് | 49,353 | KSEB |
| " " എടണ്ടപ്പാലം -പാറലാത്ത് /So259/17 | 21601103/28-3-17 | തനത് ഫണ്ട് | 53,934 | KSEB |
| " " തലക്കോട്ടീരി പുറായ് - ഇളഞ്ചി തൃക്കോവിൽ റോഡ് /SO 217/17 | 21601119/30-3-17 | തനത് ഫണ്ട് | 40,439 | KSEB |
| Street main Extension at High School chakkglangara Road /Do121/17 | 21601205/31-3-17 | വികസന ഫണ്ട്(ജനറൽ) | 99,630 | KSEB |
| പി,എം.എ.വൈ. വിഹിതം അടവാക്കൽ /SO207/17 | 21600951/8-3-17 | വികസന ഫണ്ട്(ജനറൽ) | 1,20,000 | BDO,കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് |
| ഐ.എ.വൈ. അധിക വിഹിതം അടവാക്കൽ /SO 262/17 | 21601069/23-3-17 | വികസന ഫണ്ട്(എസ്.സി) | 4,00,000 | KSEB |
| സമ്പൂർണ്ണ വൈദ്യുതീകരണം / SO 263/17 | 21601072/23-3-17 | വികസന ഫണ്ട്(ജനറൽ) | 1,90,000 | KSEB |

| | | |
|---|---|---|
| ആകെ = | 19,49,866 | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും ധനവിനിയോഗ സാക്ഷ്യ പത്രങ്ങളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.ചെലവ് തുക, 19,49,866 രൂപതടസ്സം ചെയ്യുന്നു.

## 3-9 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രൊജക്ട് : "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ"

പ്രൊജക്ട് നമ്പർ : SO021/17

ഫണ്ട് : സംരക്ഷണ ഗ്രാന്റ് ( റോഡ് ഇതരം)

നിർവ്വഹണം : ഗ്രാ.പ.സെക്രട്ടറി

മേൽ പ്രൊജക്ടിനായി 2016-17വർഷത്തിൽ 1,00,000 രൂപ ചെലവഴിച്ചിട്ടുണ്ട് ( വൗച്ചർ നമ്പർ/തീയതി: 21600743/4-1-17). സർക്കാർ ഉടമസ്ഥതയിലുള്ള "HOMCO"ക്കാണ് തുക നൽകിയിട്ടുള്ളത്(Inv.No/തീ: PF– 502/20-11-16, DD No/തീ:112036/21-2-17). ടി തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് നിലവിലുള്ള ഹോമിയോ മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (തീ: 25-7-17) അറിയിക്കുകയുണ്ടായി. ആയത് ലഭിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക, 1,00 000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ഐ.എ.വൈ.അധിക വിഹിതം - കൈപ്പറ്റിയ തുക തിരിച്ചടച്ച ഗുണഭോക്താക്കളുടെ ഗ്രാ.പ.വിഹിതം ഈടാക്കേണ്ടതാണ്

ത.സ്വ.ഭ. വകുപ്പിന്റെ 7-10-16ലെ 2850/16/LSGD നമ്പർ ഉത്തരവ് പ്രകാരം SC ഗുണഭോക്താക്കൾക്ക് SC വകുപ്പിൽ നിന്നും അനുവദിക്കേണ്ടിയിരുന്ന 1,00,000 രൂപ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ത്രിതല പഞ്ചായത്തുകൾക്ക് 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകിയിരുന്നു.ആയത് പ്രകാരം ചേലേമ്പ്ര പഞ്ചായത്തിലെ 2015-16 വർഷത്തെ 16 SC ഗുണഭോക്താക്കൾക്കായി (IAY) 25,000 രൂപ വീതം ആകെ 4,00,000 രൂപ 23-3-17ലെ 21601069-നമ്പർ വൗച്ചർ പ്രകാരം Plan Fund (SC)യിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ട്(പ്രൊജക്ട് നമ്പർ: SO 262/17). ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന രണ്ട് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാതെ കൈപ്പറ്റിയ തുകകൾ തിരിച്ചയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1. അമ്മിണി, W/o കൊറ്റൻ, പാറക്കുളമ്പിൽ ഹൗസ്, പുല്ലിപ്പറമ്പ്

2. സ്മിത, W/o സുബ്രഹ്മണ്യൻ, ഉള്ളാട്ട് ഹൗസ്, പുല്ലിപ്പറമ്പ്

ടിയാളുകൾക്കായി മേൽ പരാമർശിച്ച പ്രകാരം പിൻവലിച്ച് നൽകിയ 50,000 രൂപ ( @25000 ) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ, 2015-16 വർഷത്തിൽ IAY അധിക വിഹിതം ഇനത്തിൽ മേൽ ഗുണഭോക്താക്കൾക്കായി തുക നൽകിയിട്ടുണ്ടെങ്കിൽ ( @ 20,000) ആയത് കൂടി തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ഒ.പി.ചീട്ട് അച്ചടിച്ചെലവ് - HMC ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്

ഗ്രാ.പ.ലെ ഹോമിയോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് (NRHM) OP ചീട്ട് അച്ചടിച്ച ഇനത്തിൽ 1810 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ/തീ: 21600522/17-10-16, ചെക്ക് നമ്പർ/തീ:38208/17-10-16).

20-7-16 തീയതിയിലെ 19/16/NHDC നമ്പർ കത്ത് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം ജില്ലാ ഡെ. ഡയറക്ടർക്ക് ഹോമിയോ മെ ഡിക്കൽ ഓഫീസർ സമർപ്പിച്ച 2012-13 മുതൽ 2015-16 വരെയുള്ള വാർഷിക കണക്കുകൾ പ്രകാരം 31-3-16 തീയതിയിൽ ടി ഫണ്ടിൽ 13,383 രൂപ അവശേഷിക്കുന്നുണ്ട്. മേൽ പരാമർശിച്ച പ്രകാരമുള്ള ചെലവുകൾക്കായി ടി ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

## 3-12 വിരമിച്ച ജീവനക്കാരന് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചില്ല

GO(P)No.61/16/Fin, തീ: 5-5-16 പ്രകാരം ഉത്തരവായ 9 % ക്ഷാമബത്ത ഇനത്തിലുള്ള കുടിശ്ശിക 27-9-16ലെ 21600452-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച് ഗ്രാ.പ.ജീവനക്കാർക്ക് അവരുടെ പി.എഫ്.അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.ആയത് പ്രകാരമുള്ള കുടിശ്ശിക 28-2-16 ന് ജെ.ബി.സി. തസ്തികയിൽ നിന്നും വിരമിച്ച ശ്രീ കൃഷ്ണന് നൽകിയിട്ടില്ല. ഈയിനത്തിൽ അർഹതപ്പെട്ട തുക ടിയാന് അനുവദിക്കേണ്ടതാണ്.

## 3-13 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം- ലഭ്യമായിട്ടില്ലാത്ത ഉപകരണത്തിന്റെ വില

തിരികെ ഈടാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ " പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്കരണം" എന്ന പ്രൊജക്ട് പ്രകാരം (Pr.NoS0019/17) കേന്ദ്രീയ ഭണ്ഡാർ എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 3,10,672 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്(വൗച്ചർ നമ്പർ/തീ:21601170/31-3-17).

1.Desktop Computer - 1

2.Photo colour laser jet printer - 1

3. Cannon high speed scanner - 1

4. Cannon aDocument scanner - 1

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ക്രമനമ്പർ (3) ഒഴികെ ഉള്ളവ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്ററിലും ക്രമനമ്പർ 1,2,4 എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.ഓഫീസിൽ പരിശോധിച്ചതിൽ ടി സ്കാനർ കണ്ടെത്താൻ ജീവനക്കാർക്ക് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (No.21, തീ:25-7-17) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ടി സ്കാനർ സംബന്ധിച്ച വിവരങ്ങൾ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയതിന്റെ ചെലവ് തുക (35,832 രൂപ) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. സ്കാനറിന്റെ വില 35832/-രൂപ താത്കാലികമായി തടസ്സം ചെയ്യുന്നു.

## 3-14 ചെലവിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകളുടെ ചെലവിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| പ്രൊജക്ട്/നമ്പർ | വൗച്ചർ നമ്പർ/തീ: | ചെക്ക് നമ്പർ/തീ: | തുക |
|---|---|---|---|
| എയ്ഡഡ് സ്കൂളുകൾക്ക് പത്രം നൽകൽ, കുട്ടികളുടെ മാസിക പ്രസിദ്ധീകരിക്കൽ, S00160/17 | 21601214/31-3-17 | 38514/31-3-17 | 67,000 |
| ക്ളബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം, S00208/17 | 21601139/30-3-17 | 38492/30-3-117 | 92,240 |
| ആകെ = | | | 1,59,240 |

വിശദ വിവരങ്ങളുടെ അഭാവത്തിൽ മൊത്തം ചെലവഴിച്ച 1,59,240 രൂപ തടസ്സം ചെയ്യുന്നു.

## 3-15 ടെർമിനൽ സറണ്ടർ - അർഹമായ നിരക്കിൽ ക്ഷാമബത്ത നൽകിയില്ല

2016 ഫെബ്രുവരി മാസത്തിൽ ജെ.ബി.സി. തസ്തികയിൽ നിന്നും വിരമിച്ച ശ്രീ കൃഷ്ണന് ചുവടെ കൊടുത്തിരിക്കും പ്രകാരം ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ട് ( വൗച്ചർ നമ്പർ/തീയതി: 21600146/6-5-16, വിരമിച്ചതീയതിയിലെ ആർജ്ജിതാവധി ബാലൻസ് : 295).

| അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടുവാടക അലവൻസ് | ആകെ |
|---|---|---|---|
| 38500 | 2310 | 1250 | 42,060 |

295 ദിവസങ്ങൾക്ക് ആനുപാതികമായ തുക = 42060 : 30 x295 = 4,13,590

ടിയാന് 6 %നിരക്കിലാണ് ക്ഷാമബത്തഅനുവദിച്ചിട്ടുള്ളത്. GO(P) No.61/206/Fin, തീയതി:5-5-16 പ്രകാരം 1-1-2016 മുതലുള്ള ക്ഷാമബത്തയുടെ നിരക്ക് 6 % ൽ നിന്നും 9 % ആയി ഉയർത്തിയിട്ടുണ്ട്. 28-02-16 ന് വിരമിച്ച ശ്രീ കൃഷ്ണന് മേൽ ഉത്തരവ് പ്രകാരമുള്ള 9 %ക്ഷാമബത്തക്ക് അർഹതയുണ്ട്. ആയത് പ്രകാരമുള്ള ആനുകൂല്യം ടിയാന് അനുവദിക്കേണ്ടതാണ്.

## 3-16 പി.എച്ച്.സി ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ.പി.എച്ച്.സി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം പി.എച്ച്.സി ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓരോ പ്രൊജക്ടിന് നേരെയും പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിശദാംശം | ബിൽ നമ്പർ<br>ചെലവ് | അപാകതകൾ |
|---|---|---|---|
| 1 | നം:155/17<br>പേര്: പി.എച്ച്.സി എയർ ബെഡ്<br>അടങ്കൽ:15000/- തനത് ഫണ്ട് | ഇൻവോയ്സ് നം.6038/9.2.17പ്രകാരം ആനന്ദ് ഡ്രഗ് ലൈൻസിൽ നിന്നും ആറ് എയർ ബെഡ് വാങ്ങിയത്.<br>ഡി.ഡി.നം.<br>827663/3.3.17<br>14994/- രൂപ. | 1. പ്രൊക്യൂർ മെന്റ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിക്കുന്നതിന് പകരം (ജി.ഒ (ആർ.ടി) 2487/2016 /എൽ.എസ്.ജി.ഡി തീ.20.8.16 ലെ നിർദ്ദേശം.) മെഡിക്കൽ ഓഫീസറാണ് ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത് |
| 2 | നം:156/17<br>പേര്: പി.എച്ച്.സി ഫാർമസിക്ക് ശീതീകരണ ഉപകരണങ്ങൾ വാങ്ങൽ.<br>അടങ്കൽ:50000/- തനത് ഫണ്ട് | ജിസ്മോ കോഴിക്കോട് ൽ നിന്നും കാഷ് ബിൽ നം.53/5.7.17<br>പ്രകാരം സ്പ്ലിറ്റ് ഇൻവെർട്ടർ/എയർ കണ്ടിഷണർ (വീഡിയോ കോൺ - 1ടൺ) -1- 24500/-, സ്റ്റബിലൈസർ - 1- 1800/-<br>ക്ലാമ്പ് - 1- 600/-എന്നിവ വാങ്ങിയത്.<br>ചെക്ക് നം. 1600115/22.3.17<br>26900/- | 1. പ്രൊക്യൂർ മെന്റ് കമ്മിറ്റിശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിക്കുന്നതിന് പകരം (ജി.ഒ (ആർ.ടി) 2487/2016 /എൽ.എസ്.ജി.ഡി തീ.20.8.16 ലെ നിർദ്ദേശം.) മെഡിക്കൽ ഓഫീസറാണ് ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്.<br>2. ക്വട്ടേഷൻ നോട്ടീസിൽ ഇൻവെർട്ടറിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. |
| 3 | നം:157/17<br>പേര്: പി.എച്ച്.സി ഇൻവെർട്ടർ<br>വാങ്ങൽ.<br>അടങ്കൽ:50000/- തനത് ഫണ്ട് | ചെക്ക് നം. 1600109/20.3.17<br>49000/-<br>സെസ്റ്റർ പവർ സൊല്യൂഷൻസ് ൽ നിന്നും ഇൻവോയ്സ് സി.ആർ. 091/30.3.17 പ്രകാരം ഒരു ഇൻവെർട്ടർ വാങ്ങിയത്. | 1. പ്രൊക്യൂർ മെന്റ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിക്കുന്നതിന് പകരം (ജി.ഒ (ആർ.ടി) 2487/2016 /എൽ.എസ്.ജി.ഡി തീ.20.8.16 ലെ നിർദ്ദേശം.) മെഡിക്കൽ ഓഫീസറാണ് |

| | | | |
|---|---|---|---|
| | | | ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്<br>2. ക്വട്ടേഷൻ നോട്ടീസിൽ ഇൻവെർട്ടറിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 3/22.7.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 24.7.17 ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ബോധ പൂർവ്വമല്ലാതെ സംഭവിച്ച അപാകതയാണെന്നും, വിഷയം ഭരണ സമിതിയുടെ മുമ്പാകെ അവതരിപ്പിച്ച് സാധൂകരണം വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-17 മരുന്നിന്റെ വില നൽകിയത് - മരുന്ന് ലഭിച്ചിട്ടില്ല.

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ പണം അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവ് | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 1 | പ്രൊജക്ട് നം:158/17<br>പേര് : പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ : 2 ലക്ഷം (പ്ലാൻ) | ട്രഷറി ബിൽ നം. 8/27.3.17<br>126680/- രൂപ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3044/2.3.17 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി. |
| 2 | പ്രൊജക്ട് നം:136/17<br>പേര് : പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ : 1 ലക്ഷം.എം.ജി(എൻ.ആർ) | ട്രഷറി ബിൽ നം.7/27.3.17<br>100000/- രൂപ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3041/2.3.17 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി. |

വില അടവാക്കിയിട്ടും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 226680/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് നൽകൽ - അപാകത സംബന്ധിച്ച്.

പ്രൊജക്ട് നം:224/17

അടങ്കൽ : 2 ലക്ഷം (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് :2 ലക്ഷം /-ട്രഷറി ബിൽ നം.6/20.3.17

നിർവ്വഹണം: മെഡിക്കൽ ഓഫീസർ.

പഞ്ചായത്തിലെ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത്. ഷീ പാഡ് വാങ്ങുന്നതിന് അർഹരായ വിതരണക്കാരെ കണ്ടെത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം മൂന്ന് ടെണ്ടറുകളാണ് ലഭിച്ചത്.

| ക്രമ നമ്പർ | സ്ഥാപനം | ബ്രാൻഡ്, തുക |
|---|---|---|
| 1 | മലബാർ ട്രേഡ് വിംഗ്സ് | ബെല്ല സാനിറ്ററി നാപ് കിൻ<br>പാക്കറ്റ് 1 (8 എണ്ണം)/20 രൂപ |
| 2 | ഫ്യൂച്ചർ ട്രേഡ്സ് | കെയർ ഫോർ നാപ് കിൻ<br>പാക്കറ്റ് 1 (8 എണ്ണം)/22 രൂപ |
| 3 | മാസ് എന്റർ പ്രൈസസ് | ബെല്ല സാനിറ്ററി നാപ് കിൻ<br>പാക്കറ്റ് 1 (8 എണ്ണം)/20 രൂപ |

ഇതിൽ ക്രമ നമ്പർ ഒന്ന് ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുകയും, പ്രസ്തുത സ്ഥാപനം ഇൻവോയ്സ് നമ്പർ 2552/13.3.17 പ്രകാരം 200025./- രൂപ വിലവരുന്ന 9525 പാക്കറ്റ് ഷീ പാഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി ഷീ പാഡ് വെൻഡിംഗ് മെഷ്യനും, ഷീ പാഡ് സൂക്ഷിയ്ക്കുന്നതിനുള്ള അലമാരയും, ഷീ പാഡ് സംസ്കരിക്കുന്നതിനുള്ള ഇൻസിനിയേറ്ററും സ്കൂളുകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് നടപ്പാക്കുന്നതിനാണ് സർക്കാർ നിർദ്ദേശം ഉള്ളത്. അതിന് വിപരീതമായി പ്രൊജക്ട് നടപ്പാക്കിയത് ക്രമപ്രകാരമല്ല.

2. പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം വനിതാ ഘടക പദ്ധതിയിലും, വിദ്യാർത്ഥികൾ മുതലായവർ എന്നിവർക്ക് വേണ്ടിയുള്ള പദ്ധതികളിലും പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥായിയായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ പ്രൊജക്ട് പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3. മേൽപ്പറഞ്ഞ പ്രകാരം വാങ്ങിയ 9525 പാക്കറ്റ് ഷീ പാഡുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി പഞ്ചായത്തിലെ 26 അംഗൻ വാടികളിലേക്ക് നൽകിയതിന്റെ രേഖ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. അതിനാൽ പാഡുകൾ യഥാർത്ഥത്തിൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തോ എന്ന് വ്യക്തമല്ല.
മേൽ അപാകതകളുടെ വെളിച്ചത്തിൽ പ്രൊജക്ടിനായി ചെലവ് ചെയ്ത 2 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

നിർവ്വഹണം. വി.ഇ.ഒ.

പ്രോജക്ട്.വീട്റിപ്പയർ(ജനറൽ,No.so257/17)

ചെലവഴിച്ച തുക.12,00,000

ബിൽ നമ്പർ.1/16-17/27-3-17

മേൽ സൂചിപ്പിച്ച വീട്റിപ്പയർ,(No.so257/17)പദ്ധതിയിൽ 48 ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടെങ്കിലും. ഇവയിൽ ചില ഗുണഭോക്താക്കൾക്ക് സ.ഉ.(എം.എസ്.)നമ്പർ4/2016 ത.സ്വ.ഭ.വ. തിയതി.11-1-16 മാർഗ്ഗ രേഖക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ

| ക്രമ നം. | ഗുണഭോക്താവ് | കൈപറ്റിയ തുക | അകൗണ്ട് നമ്പർ | അപാകതകൾ |
|---|---|---|---|---|
| 1. | ശ്രീമതി.ഉഷാകുമാരി | 25000 | 10286770784<br>SBIRamanattukara | സ.ഉ.(എം.എസ്.)നമ്പർ4/2016 ത.സ്വ.ഭ.വ. തിയതി.11-1-16 പ്രകാരം ഈ ആനുകല്യം വാർഷിക വരുമാനം 50,000 രൂപയിൽ കുറവായവർക്ക് മാത്രമേ നൽകാവൂ.എന്നാൽ വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം പ്രകാരം ടിയാരിയുടെ വാർഷിക വരുമാനം 91,980 രൂപയാണ് |

| | | | | |
|---|---|---|---|---|
| | | | | |
| 2. | ശ്രീമതി .ലീല | 25000 | 40156101033689 | റേഷൻ കാർഡ്പ്രകാരം എ.പി.എൽ ആയ പ്രസ്തുത ഗുണഭോക്താവ് വരുമാന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 3. | ശ്രീമതി.കാർത്ത്യായനി | 25000 | 40156100201261 | റേഷൻ കാർഡ്പ്രകാരം എ.പി.എൽ ആയ പ്രസ്തുത ഗുണഭോക്താവ് വരുമാന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 4. | ശ്രീ.ഉണ്ണി | 25000 | 40156100109673 | റേഷൻ കാർഡ്പ്രകാരം എ.പി.എൽ ആയ പ്രസ്തുത ഗുണഭോക്താവ് വരുമാന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 5. | ശ്രീ.അപ്പുട്ടി.എന്ന വേലായുധൻ | 25000 | 40156101040236 | റേഷൻ കാർഡ്പ്രകാരം എ.പി.എൽ ആയ പ്രസ്തുത ഗുണഭോക്താവ് വരുമാന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 6. | ശ്രീ.സുബ്രമഹ്ണ്യൻ | 25000 | 4015100106758 | റേഷൻ കാർഡ്പ്രകാരം എ.പി.എൽ ആയ പ്രസ്തുത ഗുണഭോക്താവ് വരുമാന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| | ആകെ | 150000 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.26/25-7-17 ക്ക് മറുപടി നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി 50,000 രൂപയിൽ അധികം വാർഷിക വരുമാനമുള്ള ഗുണഭോക്താവിന് ആനുകൂല്യം നൽകിയതു വഴി നഷ്ടമായ 25,000 രൂപ ബന്ധപ്പെട്ട വി.ഇ.ഒ. യിൽ നിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ മേൽ സൂചിപ്പിച്ച എ.പി.എൽ ആയ ഗുണഭോക്താക്കൾ വരുമാന സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 1,25,000രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | ഹൈസ്കൂൾചക്കളങ്ങര സ്ട്രീറ്റ് മെയിൻവലിക്കൽ | 21601205/31-3-17 | 140000 | 99680 | 40320 |
| KSEB | കോണത്ത്കുഴി -പുല്ലിപറമ്പ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600679/ 19-12-16 | 50000 | 24710 - | 25290 |
| KSEB | വാർഡ്-14 എക്സ്റ്റൻഷൻ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600808/ 15-2-17 | 70000 | 69800 | 200 |
| KSEB | വാർഡ്-2 എക്സ്റ്റൻഷൻ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600902/ 27-2-17 | 55000 | 51997 | 3003 |
| KSEB | വാർഡ്-4 എക്സ്റ്റൻഷൻ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600900/ 27-2-17 | 60000 | 59580 | 420 |
| KSEB | വാർഡ്-17 എക്സ്റ്റൻഷൻ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601119/ 29-3-17 | 50000 | 40439 | 9561 |
| KSEB | വാർഡ്-5 എക്സ്റ്റൻഷൻ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601103/28-3-17 | 55000 | 53934 | 1066 |
| KSEB | പാറയിൽ പുതുവാക്കര സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601091/24-3-17 | 50000 | 49353 | 647 |
| KSEB | ഇടിമുഴിക്കൽ-ചെട്ടിയാർ മാട് സ്ട്രീറ്റ് മെയിൻ വലിക്കൽ | 2160101240/31-3-17 | 150000 | 147950 | 2050 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 2(1) | 114 | ഷാജി,സബീന | 11602102043/14-07-2016 |
| 2013-14,14-15 | 2(1) | 122 | ബിജു | 11602102044/14-07-2016 |
| 2013-14,14-15 | 2(1) | 879 | അൻവർ ഷാഫി | 11602103201/06-09-2016 |
| 2013-14,14-15 | 2(1) | 232 | മനോജ്കുമാർ | 11602102044/14-07-2016 |
| 2013-14,14-15 | 2(1) | 980 | രവി.ടി | 11602101861/08-07-2016 |
| 2013-14,14-15 | 2(1) | 1192 | ബാലകൃഷ്ണൻ | 11602102717/19-08-2016 |
| 2013-14,14-15 | 2(1) | 21295 | കദീസ | 11602102052/15-07-2016 |
| 2013-14,14-15 | 2(1) | 2262 | ഫാദർ ജോൺ പീറ്റർ | 11602102051/15-07-2016 |
| 2013-14,14-15 | 2(1) | 1383 | അനസ് | 11602102179/21-07-2016 |

| | | | | |
|---|---|---|---|---|
| 2013-14,14-15 | 2(1) | 1157 | കെ.എം.മുഹമ്മദ്കുട്ടി | 11602102178/21-07-2016 |
| 2013-14,14-15 | 2(1) | 1419 | ആയിശ | 11602102360/01-08-2016 |
| 2013-14,14-15 | 2(1) | 630 | ബീരാൻകോയ | 11602103725/04-10-2016 |
| 2013-14,14-15 | 2(1) | 194 | അബ്ദുൾ ഖാദർ | 25338/09/24-10-2016 |
| 2013-14,14-15 | 2(1) | 109 | മൂസ്സ | 25338/44/25-10-2016 |
| 2013-14,14-15 | 2(1) | 154 | ആച്ചുമ്മ | 25338/72/26-10-2016 |
| 2013-14,14-15 | 2(1) | 475 | ദേവദാസൻ | 11602106074/08-02-2017 |
| 2013-14,14-15 | 2(1) | 162 | സൈനബ | 11602106218/14-02-2017 |
| 2013-14,14-15 | 2(1) | 231 | സൈതലവി | 11602106845/02-03-2017 |
| 2013-14,14-15 | 2(1) | 210 | കമറുദ്ധീൻ | 11602106845/02-03-2017 |
| 2013-14,14-15 | 2(1) | 849 | റസാഖ് | 11602106540/23-02-2017 |
| 2013-14,14-15 | 2(1) | 246 | രമേഷ്കുമാർ | 11602106471/22-02-2017 |
| 2013-14,14-15 | 2(1) | 497 | മുഹമ്മദ് അബ്ദുൾ ലത്തീഫ് | 11602106472/22-02-2017 |
| 2013-14,14-15 | 2(1) | 446 | മുഹമ്മദ്കുട്ടി | 11602107443/23-03-2017 |
| 2013-14,14-15 | 2(1) | 1537 | ലിജീഷ് | 11602107424/23-03-2017 |
| 2011-12,12-13 | 3(3) | 12320 | ഗിരീഷ് കുമാർ | 11602107424/23-03-2017 |
| 2013-14,14-15 | 2-(2-2) | 1050 | എമറാൾഡ് പ്ലാസ്റ്റാമേഴ്സ് | 11602500021/28-06-2016 |
| 2011-12,12-13 | 2(1)2 | 150 | എമറാൾഡ് പ്ലാസ്റ്റാമേഴ്സ് | 11602106487/22-02-2017 |
| 2015-16 | 2(2) | 45588 | ഭാരതീയ വിദ്യാഭവൻ | 25343/55,56,57,58,59 /31-12-2016 |
| 2015-16 | 3-4 | 25887 | അസി.എഞ്ചിനിയർ | Chalan No.71/24-11-2016 |
| 2015-16 | 2(1) | 250 | അന.കെ.ജി.ബി | 11602400016/20-03-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതു പരാമർശം | 1)ഓഫീസ് കെട്ടിട നിർമ്മാണം<br>2)പാലത്തിങ്കൽറോഡ് പുനരുദ്ധാരണം | Pending |
| 2000-01 | 31,38 | 2003-04 | | 1)ഡി ആന്റ് ഒ ലൈസൻസ്<br>2)സി എഫ് എൽ | Pending |
| 2011-12,12-13 | 3(1) | 2014-15 | പൊതുപരാമർശം | നിഷ്ക്രിയാസ്തികൾ അവലോകനം | pending |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77050362 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77304366 |
| വരവിനങ്ങളിലുള്ള നഷ്ടം | 14,893 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,495 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,10,658 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3613 | 0 | 1)ശ്രീ. ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി-(903).<br>2)ശ്രീ.കെ.സുധീർ,സെക്രട്ടറി-(2710) |
| 2-2 | 2210 | 0 | ശ്രീ. കെ.സുധീർ,സെക്രട്ടറി. |
| 2-3 | 870 | 0 | 1)ശ്രീ. ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി-(420).<br>2)ശ്രീ. കെ.സുധീർ,സെക്രട്ടറി.(450) |
| 2-4 | 8200 | 0 | 1)ശ്രീ. ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി-(5200).<br>2)ശ്രീമതി.ബിന്ദു.എസ്.ഹെഡ്ക്ലാർക്ക്-(1000)<br>3)ശ്രീ.കെ.സുധീർ,സെക്രട്ടറി-(2000) |
| 3-1 | 0 | 2040 | ശ്രീ. പി.ജി.രാജപ്പൻ.എ.ഇ |
| 3-3 | 0 | 455 | ശ്രീ. പി.ജി.രാജപ്പൻ.എ.ഇ |
| 3-19 | 0 | 25000 | ശ്രീ.എം.പി.രാജേഷ്. വി.ഇ.ഒ. |
| ആകെ | 14893 | 27495 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 14040 | ശ്രീ.കെ.സുധീർ,സെക്രട്ടറി |
| 3-8 | 1949866 | ശ്രീ.കെ.സുധീർ,സെക്രട്ടറി |
| 3-9 | 100000 | ശ്രീ.കെ.സുധീർ,സെക്രട്ടറി |
| 3-13 | 35832 | ശ്രീ.കെ.സുധീർ,സെക്രട്ടറി |
| 3-14 | 159240 | ശ്രീ.കെ.സുധീർ,സെക്രട്ടറി |
| 3-17 | 226680 | ഡോ.മേനകാ വാസുദേവ്, മെഡിക്കൽ ഓഫീസർ(PHC) |
| 3-18 | 200000 | ഡോ.മേനകാ വാസുദേവ്, മെഡിക്കൽ ഓഫീസർ(PHC) |
| 3-19 | 125000 | ശ്രീ.എം.പി.രാജേഷ്. വി.ഇ.ഒ. |
| ആകെ | 2810658 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 47 | ശ്രീ. ഇ.എം. അബ്ദുൽ അസീസ്,സെക്രട്ടറി. |
| 2-1 | 137 | ശ്രീ.കെ.സുധീർ,സെക്രട്ടറി |

3-3 147024 ശ്രീ.പി.ജി.രാജപ്പൻ അസി.എഞ്ചിനിയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ .സുധീർ സെക്രട്ടറി | സെക്രട്ടറി ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | കമലിനി,അത്താണിക്കൽ, വള്ളിക്കുന്ന് പിഒ |
| ശ്രീ.ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി | സെക്രട്ടറി , ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | ബർക്കത്ത്, വട്ടപ്പറമ്പ്, ചാലിയം, കോഴിക്കോട് |
| ശ്രീമതി.ബിന്ദു.എസ് .ഹെഡ്ക്ലാർക്ക് | ലഭ്യമല്ല. | കൊളഭാഗത്ത് വീട്, തെക്കേകര, മാവേലിക്കര.പിഒ, ആലപ്പുഴ, പിൻ.690503 |
| ശ്രീ.പി.ജി.രാജപ്പൻ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ ,ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | പിണ്ടാനിപ്പറമ്പിൽ. മുരുവൻതുരുത്ത്, വടക്കേക്കര പിഒ, വടക്കൻ പറവൂർ, എറണാംകുളം |
| ശ്രീ.എം.പി.രാജേഷ് വി.ഇ.ഒ | വി.ഇ.ഒ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | കുടത്തിങ്ങൽ വീട്,ഐക്കരപ്പടി.പിഒ,മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | എൽ.എഫ്.എം.6/2576/16 തിയ്യതി 03.12.2012 | 5 | |
| 1996-97 | എൽ.എഫ്.എം.13/737/98 തിയ്യതി 30-10-2010 | 5 | |
| 1997-98 | എൽ.എഫ്.എം.13/770/00 തിയ്യതി 30-10-2010 | 17 | |
| 1998-99 | എൽ.എഫ്.എം.6/2537/12 തിയ്യതി 03-12-2012 | 20 | |
| 1999-00 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 12 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 6 | |
| 2001-02 | എൽ.എഫ്.എം.7/738/03 തിയ്യതി 30-10-2010 | 17 | |
| 2002-03 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 11 | |
| 2004-05 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 8 | |
| 2005-06 | എൽ.എഫ്.എം.14/1394/08 തിയ്യതി 30-10-2010 | 9 | |
| 2006-07 | എൽ.എഫ്.എം.14/2113/12 തിയ്യതി 03.11.2012 | 17 | |
| 2007-08 | എൽ.എഫ്.എം.6/2079/10 തിയ്യതി 20-04-2011 | 12 | |
| 2008-09 | എൽ.എഫ്.എം.6/2433/12 തിയ്യതി 03-12-2012 | 5 | |
| 2009-10, 2010-11 | എൽ.എഫ്.എം. 6/2318/13 തിയ്യതി 07-12/2013 | 8 | |
| 2011-12, 2012-13 | എൽ.എഫ്.എം. 6/3375/14 തിയ്യതി 02.02.2015 | 16 | |
| 2013-14, 2014-15 | കെ.എസ്.എ എം.പി.എം 6/1627/2016 തി. 21.07.2016 | 14 | |
| 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തി. 04.01.2017 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.6/1774/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 08-08-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

എം.എ8/17

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.6/1774/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 08-08-2017

Certified that I have audited the Annual Financial Statement of Chelembra Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Chelembra Grama panchayath for the year 2016-17 except the observations in

My audit report properly presents the picture of income and expenditure.

Deputy Director
State Audit Department
Malappuram